# ജില്ലാ ബാങ്ക് വാർത്ത

**കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ**

**പുസ്തകം ഒന്ന്** **ലക്കം ഒന്ന്** **ജൂൺ 2012**


## 'കൈത്താങ്ങ്' പ്രവർത്തനം ആരംഭിച്ചു



*ജില്ലാ സഹകരണ ബാങ്കിൽ ആരംഭിച്ച ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്റർ (കൈത്താങ്ങ്) നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. അമലോർപവനാഥൻ ഉദ്ഘാടനം ചെയ്യുന്നു.*

**കാസർഗോഡ്** ജില്ലാ സഹകരണ ബാങ്കിന്റെയും നബാർഡിന്റെയും സംയുക്ത സംരംഭമായ ജില്ലയിൽ സഹകരണമേഖലയിലെ ആദ്യ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്റർ (കൈത്താങ്ങ്) പ്രവർത്തനം ആരംഭിച്ചു. ജില്ലാ സഹകരണ ബാങ്ക് ഹെഡ്ഓഫീസിൽ സജ്ജീകരിച്ച സെന്റർ (കൈത്താങ്ങ്) നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. അമലോർപവനാഥൻ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ എൻ.എ നെല്ലിക്കുന്ന് എം.എൽ.എ അധ്യക്ഷത വഹിച്ചു. വായ്പാ വിനിയോഗം, വായ്പാ തിരിച്ചടവ് എന്നിവയിൽ ഇടപാടുകാരിൽ കൂടുതൽ കണിശത ഉണ്ടാക്കാൻ ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ലീഡ് ഡിസ്ട്രിക്ട് മാനേജർ എം.അജിത് കെ മേനോൻ എൽ.സി.ഡി പ്രൊജക്ടർ ഉദ്ഘാടനവും ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽ കുമാർ കമ്പ്യൂട്ടർ സ്വിച്ച് ഓൺ കർമ്മവും നിർവ്വഹിച്ചു. ജില്ലയിലെ സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെക്കുന്ന ഫാർമേഴ്സ്ക്ലബ്ബുകൾക്കായി ജില്ലാ സഹകരണ ബാങ്ക് ഏർപ്പെടുത്തിയ പെർഫോമൻസ് അവാർഡുകൾ നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ എൻ.ഗോപാലൻ പഖ്യാപിച്ചു. ജില്ലാ സഹകരണ ബാങ്കിനുകീഴിലുള്ള ഫാർമേഴ്സ് ക്ലബ്ബുകളിൽ പരപ്പ ശാഖയിലെ സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബിനാണ് അവാർഡ്. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെ വിഭാഗത്തിൽ പനത്തടി സർവ്വീസ് സഹകരണ ബാങ്കിനു കീഴിലെ കോടോംബേളൂർ ഗ്രാമലക്ഷ്മി ഫാർമേഴ്സ് ക്ലബ്ബ് ഒന്നാം സ്ഥാനവും കരിന്തളം സർവ്വീസ് സഹകരണ ബാങ്കിനു കീഴിലുള്ള കരിന്തളം ഫാർമേഴ്സ് ക്ലബ്ബ് രണ്ടാം സ്ഥാനവും നേടി.

ചെങ്കള സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്ലു, കാസർഗോഡ് ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് അഡ്വ. എ.സി അശോക് കുമാർ, മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഇ അബൂബക്കർ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ ലീഡ് ഡിസ്ട്രിക്ട് മാനേജർ എം.അജിത് കെ മേനോൻ ക്ലാസെടുത്തു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ നന്ദിയും പറഞ്ഞു.

ഗ്രാമീണർക്കിടയിൽ ബാങ്കിംഗ് സേവനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുക, ബാങ്കിംഗ് സാക്ഷരത വർദ്ധിപ്പിച്ച് എല്ലാവിഭാഗം ആളുകളിലും ബാങ്കിംഗ് സേവനം എത്തിക്കുക തുടങ്ങിയവയാണ് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ ലക്ഷ്യങ്ങൾ. ബാങ്കുകളിൽ നിന്ന് വായ്പ എടുത്തവർക്കും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നവർക്കുമായി ശരിയായ വായ്പാ വിനിയോഗം, കൃത്യമായ വായ്പാ തിരിച്ചടവ് എന്നിവ സംബന്ധിച്ച് പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യവും സെന്ററിനു പിന്നിലുണ്ട്.

## *കർമ്മ രംഗത്ത് കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ ...*

ബഹുഭാഷാ സംഗമ ഭൂമിയിൽ വികസനത്തിന്റെ മഹത് ഗോപുരങ്ങൾ തീർത്ത് കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് കർമ്മരംഗത്ത് കാൽനൂറ്റാണ്ട് പിന്നിടുന്നു. കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 1986 ഒക്ടോബർ ഒന്നിന് പ്രവർത്തനം ആരംഭിച്ച ബാങ്ക് കഴിഞ്ഞ 25 വർഷക്കാലത്തിനുള്ളിൽ വായ്പാ വിതരണം , നിക്ഷേപ സമാഹരണം തുടങ്ങി സർവ്വ മേഖലകളിലും അഭൂതപൂർവ്വമായ മുന്നേറ്റമാണ് കാഴ്ച്ചവെച്ചത്.

*ജില്ലാ സഹകരണ ബാങ്ക് ജില്ലയുടെ സ്വന്തം ബാങ്ക്* എന്നത് വാക്കുകൾക്കപ്പുറം കാസർഗോഡുകാരുടെ ജീവിതാനുഭവമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ജില്ലയിൽ പ്രതിവർഷം ഏറ്റവും കൂടുതൽ തുക വായ്പയായി നൽകുന്ന സ്ഥാപനവും ജില്ലാ ബാങ്കു തന്നെ. ഏഴ് ശാഖകളും 63 ജീവനക്കാരുമായി തുടങ്ങിയ ബാങ്ക് 35 ശാഖകളും 300 ഓളം ജീവനക്കാരുമുള്ള മഹാസംരംഭമാണിന്ന്.

ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കിയുള്ള സമൃദ്ധി പദ്ധതിയും കാർഷിക രംഗത്ത് നിറ സാന്നിദ്ധ്യമായ ഫാർമേഴ്സ് ക്ലബ്ബുകൾ, സ്ത്രീ ശാക്തീകരണത്തിന്റെ ഉറച്ച കാൽവെപ്പായ വനിതാ വികസന സെൽ തുടങ്ങിയവ കേന്ദ്രീകരിച്ച് വൈവിധ്യമാർന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. കോർ ബാങ്കിംഗ് ഉടൻ യാഥാർത്ഥ്യമാകും. ഇടപാടുകാരുടെ സൗകര്യാർത്ഥം പുതുതായി നാലു ശാഖകൾ കൂടി ഉടൻ നിലവിൽവരും. പ്രധാന കേന്ദ്രങ്ങളിൽ എ.ടി.എം ആരംഭിക്കാനുള്ള ആലോചനകളും നടന്നുവരികയാണ്.

ബാങ്ക് നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും സഹകാരികളിലും ഇടപാടുകാരിലും പ്രാഥമിക സഹകരണ ബാങ്കുകളിലും എത്തിക്കുന്നതിന് വേണ്ടി ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ജില്ലാ ബാങ്കിനൊപ്പം നിങ്ങളുടെ കൂടി ജിഹ്വയായി ഇത് മാറുമെന്ന വിശ്വാസത്തോടെ ന്യൂസ് ലെറ്ററിന്റെ ആദ്യ ലക്കം സമർപ്പിക്കുന്നു.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മനേജർ
**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
**എഡിറ്റർ**
സി സഹദ്
**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്


# സമൃദ്ധി പദ്ധതി: സബ്സിഡി നിരക്കിൽ വിത്ത് വിതരണം ചെയ്തു

ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമൃദ്ധി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൂട്ടുത്തരവാദിത്വ സംഘങ്ങൾക്ക് (ജെ.എൽ.ജി) നബാർഡിന്റെ സീഡ് ബാങ്കിൽ നിന്നും സബ്സിഡി നിരക്കിൽ വിത്ത് വിതരണം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ബന്തടുക്ക ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുറ്റിക്കോൽ കേന്ദ്രമാക്കി രൂപീകരിച്ച 50 കൂട്ടുത്തരവാദിത്വ സംഘങ്ങൾക്കാണ് ആദ്യഘട്ടത്തിൽ വിത്തുകൾ നൽകിയത്.

ജൈവകൃഷി രീതി ഉപയോഗിച്ച് പച്ചക്കറി ഉൽപ്പാദനത്തിൽ ജില്ലയെ സ്വയംപര്യാപ്തതയിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ജില്ലാ സഹകരണ ബാങ്ക് സമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ സഹകരണ ബാങ്കിന്റെയും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടേയും ശാഖകൾക്കു കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബ്ബുകളുടെ നേതൃത്വത്തിൽ കൂട്ടുത്തരവാദിത്വ സംഘങ്ങൾ രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. പദ്ധതി ഗുണഭോക്താക്കൾക്ക് വിത്ത്, വായ്പ തുടങ്ങിയവ നൽകുന്നതോടൊപ്പം ഉൽപ്പാദനത്തിന്റെ വിവിധ മേഖലകളെക്കുറിച്ചുള്ള പരിശീലനവും ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ലഭ്യമാക്കും.

കുറ്റിക്കോൽ കൃഷിഭവൻ മീറ്റിംഗ് ഹാളിൽ നടന്ന ചടങ്ങ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത പ്രസിഡന്റ് ബി.എം പ്രദീപ് ഉദ്ഘാടനം ചെയ്തു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ജോസഫ് അധ്യക്ഷതവഹിച്ചു. പച്ചക്കറി വിത്ത് വിതരണവും മഖ്യ പ്രഭാഷണവും നബാർഡ് എ.ജി.എം എൻ ഗോപാലൻ നിർവ്വഹിച്ചു. ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ പ്രസംഗിച്ചു. തുടർന്ന് നടന്ന കാർഷിക സെമിനാറിൽ കൃഷി വിജ്ഞാനകേന്ദ്രം ശാസ്ത്രജ്ഞ ഡോ. എസ് ലീന ക്ലാസെടുത്തു.

# യാത്രയയപ്പ് നൽകി

വയനാട് ജില്ലയിലേക്ക് സ്ഥലംമാറിപ്പോകുന്ന കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്ററും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുമായ കെ നാരായണന് യാത്രയയപ്പ് നൽകി. ചടങ്ങിൽ ജില്ലാ ബാങ്കിന്റെ പുതിയ അഡ്മിനിസ്ട്രേറ്ററും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുമായി ചുമതലയേറ്റ മുഹമ്മദ് ബഷീറിന് സ്വീകരണവും നൽകി.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. കെ നാരായണൻ, മുഹമ്മദ് ബഷീർ സംസാരിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ നന്ദിയും പറഞ്ഞു.

# അറിവിന്റെ വിസ്മയവുമായി ഭക്ഷ്യ സംസ്കരണ ശിൽപ്പശാല



*കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് വനിതാ വികസന സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭക്ഷ്യസംസ്കരണ ശിൽപ്പശാലയിൽ കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞ ഡോ.നിലോഫർ ക്ലാസെടുക്കുന്നു.*

**പൈ**നാപ്പിളും പപ്പായയും ഉപയോഗിച്ച് ജാം, പച്ചമാങ്ങയിൽ നിന്നും സ്ക്വാഷ്, ചക്കയുടെ ചകിണിയിൽ നിന്നും ജെല്ലി .... ഡോ.നിലോഫർ തയ്യാറാക്കിയെടുത്ത ഭക്ഷ്യ വസ്തുക്കൾ വീട്ടമ്മമാരിൽ ഏറെ ആശ്ചര്യവും സന്തോഷവുമാണുണ്ടാക്കിയത്. കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന വനിതാ വികസന സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭക്ഷ്യസംസ്കരണ ശിൽപ്പശാലയിലാണ് കാസർഗോഡ് കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞയായ ഡോ.നിലോഫർ അറിവിന്റെ വിസ്മയം തീർത്തത്.

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളിൽ നിന്നും ജാം, സ്ക്വാഷ് എന്നിവയും ചക്കയുടെ ഉപയോഗ ശൂന്യമായ ഭാഗങ്ങളിൽ നിന്ന് ജെല്ലിയും തയ്യാറാക്കുന്നതും അച്ചാർ, ജാം, സ്ക്വാഷ് തുടങ്ങിയവ കേടുകൂടാതെ സംരക്ഷിക്കുന്നതിനുള്ള മാർഗങ്ങളും ശിൽപ്പശാലയിൽ വിശദീകരിച്ചു. ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന പ്രായോഗിക പരിശീലന പരിപാടിയിൽ ജില്ലാ സഹകരണ ബാങ്ക് കാസർഗോഡ് മെയിൻ, കാസർഗോഡ് ടൗൺ, കാസർഗോഡ് ഈവനിംഗ് , തളങ്കര ശാഖകളിലെ തെരഞ്ഞെടുക്കപ്പെട്ട വനിതാ ഇടപാടുകാർ പങ്കെടുത്തു.

ശിൽപ്പശാല ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജനറൽ മാനേജർ എൻ കുഞ്ഞികൃഷ്ണൻ അധ്യക്ഷതവഹിച്ചു. സീനിയർ മാനേജർമാരായ എം പത്മാക്ഷൻ, സി ഹരിദാസൻ, വനിതാ വികസനസെൽ ഓഫീസർ കെ എ രാധ എന്നിവർ പ്രസംഗിച്ചു.

പടന്നക്കാടുള്ള കാഞ്ഞങ്ങാട് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സഹകരണത്തോടെ ഹോസ്ദുർഗ് സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന ശിൽപ്പശാലയിൽ ജില്ലാ സഹകരണ ബാങ്കിന്റെ കാഞ്ഞങ്ങാട്, കാഞ്ഞങ്ങാട് സായാഹ്നം, മഡിയൻ ശാഖകളിലെ ഇടപാടുകാർ പങ്കെടുത്തു. വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ബാലാമണി അധ്യക്ഷതവഹിച്ചു. വനിതാ വികസനസെൽ ഓഫീസർ കെ എ രാധ സ്വാഗതവും സൊസൈറ്റി സെക്രട്ടറി ഗിരിജ നന്ദിയും പറഞ്ഞു.

വെള്ളരിക്കുണ്ട് ശാഖയിൽ നടന്ന ശിൽപ്പശാലയിൽ ജില്ലാ സഹകരണ ബാങ്കിന്റെ വെള്ളരിക്കുണ്ട്, ചിറ്റാരിക്കൽ ശാഖകളിലെ വനിതാ ഇടപാടുകാർ പങ്കെടുത്തു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

മാനേജർ എം.ജെ ജോസഫ് അധ്യക്ഷതവഹിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ പ്രസംഗിച്ചു. കെ എ രാധ സ്വാഗതവും സാലമ്മ നന്ദിയും പറഞ്ഞു.

## പ്രത്യാശ അന്തേവാസികൾക്ക് ജില്ലാ സഹകരണ ബാങ്കിന്റെ സഹായഹസ്തം

**ജി**ല്ലയിലെ എച്ച്.ഐ.വി/ എയ്ഡ്സ് ബാധിതരുടെ കൂട്ടായ്മയായ പ്രത്യാശാ കേന്ദ്രത്തിലെ അന്തേവാസികളായ കുരുന്നുകൾക്ക് കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ സഹായഹസ്തം. സാമ്പത്തികമായും ശാരീരികമായും ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികളായ ഇവർക്ക് അധ്യയനവർഷം ആരംഭിക്കുന്നതിന് മുന്നോടിയായാണ് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തത്.

ജീവനക്കാരുടെ സഹകരണത്തോടെ ജില്ലാ സഹകരണ ബാങ്ക് നടത്തിവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പ്രത്യാശാ കേന്ദ്രത്തിലെ 307 കുട്ടികൾക്ക് സ്കൂൾ ബാഗ്, കുട തുടങ്ങിയ പഠനോപകരണങ്ങൾ നൽകിയത്.

പ്രത്യാശാ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പ്രത്യാശാ കേന്ദ്രം കോഡിനേറ്റർ കെ പി പ്രേമ, കെ.ഡി.എൻ.ബി പ്ലസ് പ്രസിഡന്റ് കെ വി പീതാംബരൻ, എ.ആർ.ടി സെന്റർ സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ജനാർദ്ദനൻ നായിക് എന്നിവർ പങ്കെടുത്തു.

# നാട്ടറിവുകളുടേയും ശാസ്ത്രതത്വങ്ങളുടേയും സംഗമവേദിയായി മുഖാമുഖം

വെണ്ണീർ ജൈവ വളമാണോ? കവുങ്ങിന്റെ മഹാളിക്കുള്ള പ്രതിവിധി? തെങ്ങിന്റെ ചെന്നീരൊലിപ്പ് തടയാനുള്ള മാർഗങ്ങൾ?.....കാർഷിക രംഗത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞർക്കുമുമ്പാകെ കർഷകർ നിരത്തിയത് നിരവധി ചോദ്യങ്ങൾ. ഓരോ ചോദ്യങ്ങൾക്കും ശാസ്ത്രജ്ഞരുടെ ഭാഗത്തു നിന്നും ശാസ്ത്രീയമായ വീക്ഷണത്തോടെയുള്ള വ്യക്തമായ മറുപടി. കാസർഗോഡ് ജില്ലാ സഹകരണ ബാങ്കും കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച കൃഷി ശാസ്ത്രജ്ഞരുടേയും കർഷകരുടേയും മുഖാമുഖം പരിപാടി കർഷകർക്ക് നവോൻമേഷമായി.



*കാസർഗോഡ് ജില്ലാ സഹകരണ ബാങ്കും കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച കൃഷി ശാസ്ത്രജ്ഞരുടേയും കർഷകരുടേയും മുഖാമുഖം പരിപാടിയിൽ കെ മണികണ്ഠൻ ക്ലാസെടുക്കുന്നു.*

തെങ്ങിന്റെ കൂമ്പുചീയൽ, മച്ചിങ്ങാ പൊഴിച്ചിൽ, വാഴയുടെ കൂമ്പടപ്പ് , ഇല കരിച്ചിൽ, കുരുമുളകിന്റെ ദ്രുതവാട്ടം തുടങ്ങിയവക്കെതിരെയുള്ള പ്രതിരോധ നടപടികൾ, ട്രൈക്കോഡെർമ എന്ന മിത്രകുമിളിന്റെ ഉപയോഗരീതി, പുതുതായി വികസിപ്പിച്ചെടുത്ത മേൽത്തരം വിത്തിനങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രജ്ഞർ കർഷകർക്ക് മുമ്പാകെ വിവരിച്ചു.

ജൈവകൃഷിയും മണ്ണ് സംരക്ഷണവും, സംയോജിത കീടരോഗനിയന്ത്രണം, കാർഷിക മേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾ എന്നീ മൂന്നു മേഖലകളിലായാണ് മുഖാമുഖം പരിപാടി നടന്നത്.

കാസർഗോഡ് കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടന്ന മുഖാമുഖത്തിൽ ജില്ലാ സഹകരണ ബാങ്കിന്റെയും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടേയും കീഴിലുള്ള ഫാർമേഴ്സ് ക്ലബ്ബുകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 30 കർഷകർ പങ്കെടുത്തു. കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോഡിനേറ്റർ ഡോ. ടി.എസ് മനോജ് കുമാർ, ഡോ. എസ്.ലീന, ഡോ. സനൽകുമാർ, കെ മണികണ്ഠൻ എന്നിവർ ക്ലാസെടുത്തു.

ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവർ സംസാരിച്ചു.

# കാർഷിക മേഖലയ്ക്ക് പുത്തനുണർവേകാൻ സൂക്ഷ്മ കൃഷി

കാസർഗോഡൻ മണ്ണിൽ വിജയഗാഥ രചിക്കാൻ നൂതന കൃഷി രീതിയായ സൂക്ഷ്മ കൃഷിയുമായി എം.എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ (പ്രിസിഷൻ ഫാമിങ്) ജില്ലയിലെത്തി. കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന സൂക്ഷ്മ കൃഷി പരിശീലനം ജില്ലയിലെ കർഷകർക്ക് പുത്തനുണർവാണ് സമ്മാനിച്ചത്. സൂക്ഷ്മ കൃഷിയിലൂടെ വിജയം കൊയ്ത വയനാട്ടിലെ യുവ കർഷകൻ ഡിഗോളിന്റെ സാന്നിദ്ധ്യം പരിപാടിയെ ശ്രദ്ധേയമാക്കി.

പരിമിതമായ സ്ഥലത്തുനിന്ന് നിശ്ചിത ദിവസം കൊണ്ട് അത്യുൽപ്പാദനം സാധ്യമാക്കുന്ന സൂക്ഷ്മ കൃഷിയെ ജില്ലയിലെ കർഷകർക്ക് പരിജയപ്പെടുത്തുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം. ജില്ലാ സഹകരണബാങ്കിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടേയും കീഴിലുള്ള ഫാർമേഴ്സ് ക്ലബ്ബുകളിലെ അംഗങ്ങൾ ഉൾപ്പടെ 115 പേർ പരിശീലനത്തിൽ പങ്കെടുത്തു. ഇന്നത്തെ കാലത്ത് സൂക്ഷ്മ കൃഷിയുടെ പ്രാധാന്യം, കൃഷിരീതികൾ, സാങ്കേതിക പ്രശ്നങ്ങൾ, ശ്രദ്ധിക്കേണ്ട പ്രധാന വസ്തുതകൾ എന്നിവ സംബന്ധിച്ച് സ്വാമിനാഥൻ ഫൗണ്ടേഷനിലെ ഡോ. സ്മിത വിശദീകരിച്ചു.

പരിശീലന പരിപാടി നബാർഡ് എ.ജി.എം എൻ ഗോപാലൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർ കെ നാരായണൻ അധ്യക്ഷത വഹിച്ചു. സ്വാമിനാഥൻ ഫൗണ്ടേഷൻ ട്രെയിനിംഗ് കോഡിനേറ്റർ രാമകൃഷ്ണൻ, സി.ഐ ഡോ. ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ നന്ദിയും പറഞ്ഞു.